**പതിനാലാം കേരള നിയമസഭ**
**പതിനേഴാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2568** **12.03.2020 ൽ മറുപടിയ്ക്ക്**

**മദ്യ ഉപഭോഗം കുറയ്ക്കുന്നതിന് സ്വീകരിച്ച നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ഡി.കെ. മുരളി | | ശ്രീ.ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മദ്യത്തിന്റെ ഉപഭോഗം കുറയ്ക്കുന്നതിന് സ്വീകരിച്ച നടപടികൾ, പദ്ധതികൾ എന്നിവ വിശദീകരിക്കാമോ; | (എ) | സംസ്ഥാനത്ത് ലഹരിവർജ്ജന പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനും മയക്കുമരുന്നുകളുടെ ഉപഭോഗം പൂർണ്ണമായും ഇല്ലാതാക്കുന്നതിനും ലക്ഷ്യമിട്ട് സംസ്ഥാന സർക്കാർ ആവിഷ്കരിച്ച കർമ്മ പദ്ധതിയാണ് കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ "വിമുക്തി". തദ്ദേശസ്വയംഭരണ സ്ഥാപന തലങ്ങളിൽ വിമുക്തി കമ്മിറ്റികൾ രൂപീകരിച്ച് വിവിധ ലഹരിവിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തി വരുന്നു. ജില്ലകളിൽ കുടുംബശ്രീ, സന്നദ്ധ സംഘടനകൾ, യുവജന സംഘടനകൾ, ട്രേഡ് യൂണിയനുകൾ എന്നിവ മുഖാന്തിരം വൈവിദ്ധ്യമാർന്ന ബോധവൽക്കരണ പരിപാടികൾ നടപ്പിലാക്കിവരുന്നു.<br>ലഹരിക്ക് അടിമപ്പെട്ടവരെ സാധാരണ ജീവിതത്തിലേയ്ക്ക് തിരികെയെത്തിക്കുന്നതിനായി വിമുക്തി മിഷന്റെ ഭാഗമായി ആരോഗ്യ വകുപ്പുമായി സഹകരിച്ചുകൊണ്ട് പതിനാല് ജില്ലകളിലും ഓരോ സർക്കാർ ആശുപത്രികളിലായി 14 വിമുക്തി ഡീ-അഡിക്ഷൻ സെന്ററുകൾ ആരംഭിച്ചിട്ടുള്ളതാണ്. ടി ഡീ-അഡിക്ഷൻ സെന്ററുകൾ മുഖാന്തിരം ഒ.പി. വിഭാഗത്തിൽ 20293 പേർക്കും, ഐ.പി വിഭാഗത്തിൽ 2249 പേർക്കും ചികിത്സ നൽകിയിട്ടുള്ളതാണ്. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിലായി 3 സോണൽ കൗൺസിലിംഗ് സെന്ററുകളും, സൗജന്യ കൗൺസിലിംഗിനായി 14405 എന്ന ടോൾഫ്രീ നമ്പറും ആരംഭിച്ചിട്ടുള്ളതും, 2394 പേർക്ക് കൗൺസിലിംഗ് നൽകിയിട്ടുള്ളതുമാണ്. വിദ്യാർത്ഥികളിൽ ലഹരിയ്ക്ക് എതിരായ ചിന്താഗതി വളർത്തിയെടുക്കുക എന്ന ലക്ഷ്യം മുൻ നിർത്തി സ്കൂൾ കോളേജ് തലങ്ങളിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തിച്ച് വരുന്നു. നിലവിൽ കോളേജ് |

<table>
<tr><td></td><td></td><td></td><td>തലത്തിൽ 899 ക്ലബ്ബുകളും സ്കൂൾ തലത്തിൽ 4842 ക്ലബ്ബുകളും പ്രവർത്തിച്ചു വരുന്നുണ്ട്.<br>യുവജനങ്ങളെ ലഹരി ഉപയോഗത്തിൽ നിന്നും അകറ്റി നിർത്തുക എന്ന ലക്ഷ്യത്തോടെ സ്പോർട്സ് കൗൺസിൽ, വിവിധ സ്പോർട്സ്/ഗെയിംസ് അസോസിയേഷനുകൾ എന്നിവയുമായി സഹകരിച്ചു കൊണ്ട് കബഡി, വോളിബാൾ, ഫുട്ബാൾ, ക്രിക്കറ്റ് തുടങ്ങിയ വിവിധ കായികമത്സരങ്ങൾ സംസ്ഥാന തലത്തിൽ നടത്തി വരുന്നു.<br>ലഹരിമുക്ത കേരളം എന്ന ലക്ഷ്യം സാധ്യമാക്കുന്നതിനായി 'നാളത്തെ കേരളം ലഹരിമുക്ത നവകേരളം' എന്ന പേരിൽ 2019 നവംബർ 1 മുതൽ ഒരു തീവ്രയത്ന ബോധവൽക്കരണ പരിപാടി ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നു.<br>യുവജനങ്ങൾക്കായി സൈക്ലത്തോൺ, വാക്കത്തോൺ, ബൈക്കത്തോൺ, റാലികൾ, കൂട്ടയോട്ടങ്ങൾ, മനുഷ്യ ചങ്ങലകൾ എന്നിവ സംഘടിപ്പിച്ചിട്ടുള്ളതാണ്. കൊല്ലം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ ലഹരി വിരുദ്ധ മാരത്തോൺ സംഘടിപ്പിച്ചിട്ടുള്ളതാണ്. സ്പോർട്സ് കൗൺസിൽ, യുവജനക്ഷേമ ബോർഡ് എന്നിവയുമായി ചേർന്ന് ലഹരിക്കെതിരെ വിവിധ കായിക മത്സരങ്ങൾ സംഘടിപ്പിച്ചുവരുന്നു.</td></tr>
<tr><td>(ബി)</td><td>2016-17, 2017-18, 2018-19 കാലഘട്ടങ്ങളിലെ മദ്യ ഉപഭോഗത്തിന്റെ വിശദമായ കണക്കുകൾ ലഭ്യമാക്കാമോ?</td><td>(ബി)</td><td><table>
<tr><th>വർഷം</th><th>ഇന്ത്യൻ നിർമ്മിത വിദേശമദ്യ വില്പന (ലക്ഷം കെയ്സിൽ)</th><th>ബിയർ വില്പന (ലക്ഷം കെയ്സിൽ)</th><th>ആകെ വിറ്റുവരവ് (തുക കോടി രൂപയിൽ)</th></tr>
<tr><td>2016-17</td><td>205.41</td><td>150.13</td><td>12134</td></tr>
<tr><td>2017-18</td><td>208.51</td><td>115.42</td><td>12937</td></tr>
<tr><td>2018-19</td><td>216.34</td><td>121.12</td><td>14508</td></tr>
</table></td></tr>
</table>

സെക്ഷൻ ഓഫീസർ